**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസനം - പിന്നാക്ക വിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ പുതിയ ഘടകമായ "പ്രളയ ബാധിത പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളിവർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം" നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.97/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 25.09.2019.

==========================================================

പരാമർശം : 1. സ.ഉ.(സാധാ)നം.49/2019/പി.വി.വി.വ, തീയതി 30.05.2019.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 21.08.2019 -ലെ ബി.സി.ഡി.ഐ.ആർ-എ 2/273/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പിന്നാക്ക വിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയായ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ പുതിയ ഘടകമായ "പ്രളയ ബാധിത പ്രദേശങ്ങളിലെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത തൊഴിലാളിവർഗ്ഗ സമുദായങ്ങൾക്ക് ജീവനോപാധി പുനഃസ്ഥാപന സഹായം" നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>പദ്ധതി</u> :-**

പദ്ധതിയുടെ ആദ്യഘട്ടത്തിൽ 2018, 2019 വർഷങ്ങളിൽ പ്രളയം ഗുരുതരമായി ബാധിച്ച ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, മലപ്പുറം, വയനാട് എന്നീ ജില്ലകളിലെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് അവരുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും, തൊഴിൽ സ്ഥലം / സ്ഥാപനം മെച്ചപ്പെടുത്തുന്നതിനുമാണ് ധനസഹായം അനുവദിക്കുന്നത്. വരും വർഷങ്ങളിൽ പദ്ധതി പുരോഗതി വിലയിരുത്തി ഇതര ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകൾ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**<u>മാനദണ്ഡങ്ങൾ</u> :-**

1. അപേക്ഷകർ കേരളീയരും, സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ടവരായിരിക്കണം.
2. സംസ്ഥാനത്തെ അന്ത്യോദയ അന്ന യോജന (AAY) റേഷൻ കാർഡ് ഉള്ളവരായിരിക്കണം

(.....2)

3. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്.

4. പരമ്പരാഗത തൊഴിലുകളായ നെയ്ത്ത്, മൺപാത്രം നിർമ്മാണം, ബാർബർ, കള്ള് ചെത്ത്, കരകൗശലം, കൊല്ലപ്പണി, മരാശാരി, കൽപ്പണി, സ്വർണ്ണപ്പണി, ചെരിപ്പ് നിർമ്മാണം മുതലായവ ചെയ്യുന്ന വർക്ക് അപേക്ഷിക്കാം.

5. താഴ്ന്ന പ്രായ പരിധി 25 വയസ്സും, ഉയർന്ന പ്രായപരിധി 60 വയസ്സും ആയിരിക്കും.

6. വിധവ / ഭിന്നശേഷി / അഗതികൾക്ക് മുൻഗണന നൽകുന്നതാണ്.

7. ദീർഘകാല ചികിത്സ ആവശ്യമായ ഗുരുതരമായ രോഗം ബാധിച്ച വരുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

8. പിന്നാക്ക വിഭാഗ വികസന വകുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫാറവും, അനുബന്ധ രേഖകളും വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഓഫീസിൽ ഹാജരാക്കണം. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

   i. സ്ഥാപനം /വസ്തു /പണിയായുധങ്ങൾ നഷ്ടം വന്നത് സംബന്ധിച്ച റവന്യൂ അധികാരിയിൽ നിന്നുള്ള സാക്ഷ്യപത്രം
   ii. വരുമാന സർട്ടിഫിക്കറ്റ്
   iii. ജാതി സർട്ടിഫിക്കറ്റ്
   iv. റേഷൻ കാർഡിന്റെ പകർപ്പ്
   v. ആധാർ / തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
   vi. തുക ലഭ്യമായാൽ ചെലവഴിക്കുന്നത് സംബന്ധിച്ച പ്രോജക്റ്റ് റിപ്പോർട്ട് (വെള്ള കടലാസിൽ തയ്യാറാക്കിയത്)/ഉപകരണങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ വിലവിവരം, മോഡൽ എന്നിവ രേഖപ്പെടുത്തിയ ക്വട്ടേഷൻ
   vii. ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
   viii. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ പ്രസിഡണ്ട് നൽകുന്ന, നിലവിൽ പരമ്പരാഗത തൊഴിൽ ചെയ്യുന്നുവെന്ന സാക്ഷ്യപത്രം.
   ix. പ്രളയ ധനസഹായമായി സംസ്ഥാന സർക്കാർ അനുവദിച്ച തുക സംബന്ധിച്ച സാക്ഷ്യപത്രം / ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ്
   x. മുൻഗണന അർഹിക്കുന്ന വിഭാഗങ്ങൾ ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കണം

(.....3)

**ഗുണഭോക്തൃ തെരഞ്ഞെടുപ്പ് :-**

1. പദ്ധതി സംബന്ധിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വാർത്താ മാധ്യമങ്ങളിലൂടെ വ്യാപകമായ അറിയിപ്പ് നൽകുന്നതാണ്. നിശ്ചിത തീയതിക്കകം ലഭ്യമാകുന്ന അപേക്ഷകളിൽ നിന്നും കുറഞ്ഞ കുടുംബ വാർഷിക വരുമാനം, പ്രളയം മൂലം കൂടുതൽ നഷ്ടം സംഭവിച്ചവർ, മുൻഗണനാ മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.
2. വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ അപേക്ഷയും, അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന നടത്തി, ഫീൽഡ് പരിശോധനയുടെ കൂടി അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.
3. തെരഞ്ഞെടുക്കപ്പെടുന്നവർ സർക്കാരുമായി നിശ്ചിത മാതൃകയിൽ കരാർ ഒപ്പ് വയ്ക്കേണ്ടതാണ്.
4. ഒരു കുടുംബത്തിലെ ഒന്നിലധികം പേർക്ക് (ഒരേ റേഷൻ കാർഡിൽ അംഗങ്ങളായവർ) ആനുകൂല്യം അനുവദിക്കുന്നതല്ല.
5. ഒരാൾക്ക് രണ്ട് ഗഡുക്കളിലായി പരമാവധി 25,000/- രൂപ ഗ്രാന്റ് അനുവദിക്കുന്നു. ആദ്യ ഗഡു തുക 15,000/- രൂപ ലഭ്യമായ ശേഷം ടി തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകളും, പുരോഗതിയും വിലയിരുത്തി മാത്രം രണ്ടാം ഗഡു തുക അനുവദിക്കുന്നതാണ്.

**ധനകാര്യ വിശകലനം :-**

ഒരു ഗുണഭോക്താവിന് പരമാവധി 25,000/- രൂപ ഗ്രാന്റായി അനുവദിക്കുന്നു. ആകെ 400 ഗുണഭോക്താക്കൾക്കായി ആകെ 1 കോടി രൂപ അനുവദിക്കുന്നു.

400 x 25000 = 1,00,00,000/- രൂപ

**പദ്ധതി മോണിറ്ററിംഗ്:-**

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ / ഫിനാൻസ് ഓഫീസർ പദ്ധതി മോണിറ്റർ ചെയ്യുന്നതും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.